# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4723.

26-06-2019 ൽ മറുപടിയ്ക്ക്

## കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന സ്ഥാപനം

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക കൂട്ടായ്മകൾക്കും സന്നദ്ധ സംഘടനകൾക്കും കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | പുരോഗമന കർഷകർ, ഗ്രാമീണ സംരംഭകർ കർഷകരുടെ സ്വയം സഹായസംഘങ്ങൾ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ തുടങ്ങുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി മുഖാന്തിരം ആനുകൂല്യം നൽകുന്നുണ്ട്. കസ്റ്റം ഹയറിംഗ് സെന്ററുകളിലേക്ക് വേണ്ടി വാങ്ങുന്ന കാർഷിക യന്ത്രങ്ങളുടെ 40% വരെ തുക ഈ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര ലക്ഷം രൂപയാണ് ഇപ്രകാരം ധനസഹായമായി അനുവദിക്കുന്നത്; | (ബി) | 10 ലക്ഷം രൂപ വരെ മുതൽ മുടക്ക് വരുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 40% സബ്സിഡി നിരക്കിൽ പരമാവധി 4 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. 25 ലക്ഷം രൂപവരെ മുതൽ മുടക്ക് വരുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 40% സബ്സിഡി നിരക്കിൽ പരമാവധി 10 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്കായി എന്തെങ്കിലും ധനസഹായം ലഭിക്കുമോ; | (സി) | SMAM പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പദ്ധതിവിഹിതത്തിന്റെ 60% തുക കേന്ദ്രവിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. |
| (ഡി) | ട്രാക്ടർ ഉപയോഗിച്ച് നിലം ഉഴുന്ന കർഷകനും മൃഗങ്ങളുടെ സഹായത്തോടെ കലപ്പ ഉപയോഗിച്ച് നിലം ഉഴുന്ന കർഷകനും കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് SMAM പദ്ധതി മുഖാന്തിരം ധനസഹായം നൽകുന്നുണ്ട്. കാർഷിക യന്ത്രത്തിന്റെ വിലയുടെ 40-60% വരെ ധനസഹായം അനുവദിക്കുന്നുണ്ട്.<br>SMAM പദ്ധതി മുഖേന വിവിധങ്ങളായ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**SMAM പദ്ധതി മുഖേന വിവിധങ്ങളായ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | കാർഷിക യന്ത്രങ്ങളുടെ വിശദാംശം | പരമാവധി നൽകുന്ന ആനുകൂല്യം (രൂപ) |
|---|---|---|
| 1 | ട്രാക്ടർ (HP അടിസ്ഥാനത്തിലും 2WD/4WD എന്നിവയുടെ അടിസ്ഥാനത്തിലും) | 1,60,000/- മുതൽ 5,00,000/- വരെ |
| 2 | പവർടില്ലർ (HP അടിസ്ഥാനത്തിൽ) | 50000/- മുതൽ 85,000/- വരെ |
| 3 | ട്രാൻസ് പ്ലാന്റർ (വരിയുടെ (rows) അടിസ്ഥാനത്തിൽ) | 1,20,000/- മുതൽ 8,00,000/- വരെ |
| 4 | നെല്ല് കൊയ്ത്ത് കറ്റകെട്ടുന്ന യന്ത്രം | 1,40,000/- മുതൽ 2,50,000/- വരെ |
| 5 | യന്ത്രം ഘടിപ്പിച്ച കളപറിയന്ത്രം (വീലിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) | 20,000/- മുതൽ 63,000/- വരെ |
| 6 | കുഴിയെടുക്കുന്ന യന്ത്രം | 60,000/- മുതൽ 75,000/- വരെ |
| 7 | സെൽഫ് പ്രൊപൽഡ് ഹോർട്ടിക്കൾച്ചർ മെഷിനറി | 40,000/- മുതൽ 2,00,000/- വരെ |
| 8 | കൊയ്ത്ത് യന്ത്രം | 60,000/- മുതൽ 75,000/- വരെ |
| 9 | ട്രാക്ടറിൽ/പവർടില്ലറിൽ ഘടിപ്പിക്കുന്ന നിലമൊരുക്കൽ ഉഴവ്, സീഡ് ബഡ് ഉപകരണങ്ങൾ (കലപ്പ, ഹാരോ, നിരപ്പാക്കൽ, ചാല് കോരൽ, പണ പിടിക്കൽ ഉപകരണങ്ങൾ) | |
| | a) 20hp-ൽ കുറഞ്ഞ ട്രാക്ടർ/പവർടില്ലറിൽ ഘടിപ്പിക്കുന്നത് | 8000/- മുതൽ 40,000/- വരെ |
| | b) 20-35 hp വരെയുള്ള ട്രാക്ടറിൽ ഘടിപ്പിക്കുന്നത് | 20,000 മുതൽ 2,00,000/- വരെ |
| | c) 35 hp ക്ക് മുകളിലുള്ള ട്രാക്ടറിൽ ഘടിപ്പിക്കുന്നത് | 25,000/- മുതൽ 3,50,000/- വരെ |
| 10 | ട്രാക്ടറിൽ/ പവർടില്ലറിൽ ഘടിപ്പിക്കുന്ന നടീൽ, വിത കൊയ്ത്ത്, കുഴിയെടുക്കൽ യന്ത്രങ്ങൾ | |
| | a) 20 hp-ൽ കുറഞ്ഞ ട്രാക്ടർ/ പവർടില്ലറിൽ ഘടിപ്പിക്കുന്നത് | 12000/- മുതൽ 50,000/- വരെ |
| | b) 20-35 hp വരെയുള്ള ട്രാക്ടറിൽ ഘടിപ്പിക്കുന്നത് | 16,000/ മുതൽ 75,000/- വരെ |
| | c. 35 hp ക്ക് മുകളിലുള്ള ട്രാക്ടറിൽ ഘടിപ്പിക്കുന്നത് | 16,000/- മുതൽ 1,75,000/- വരെ |
| 11 | ഇടവിള കൃഷി ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ (പവർ വീഡർ, Grass Weed Slasher) | 25,000/- മുതൽ 75,000/- വരെ |

| | | |
|---|---|---|
| 12 | കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, കൊയ്ത്ത് മെതിയന്ത്രം മുതലായവ | 25,000/- മുതൽ 11 ലക്ഷം വരെ |
| 13 | സസ്യാവശിഷ്ടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ (Straw reaper, stubble shaver, rake, Baler, Shreder, Mulcher, trailer, trolley മുതലായവ | 18,000/- മുതൽ 9 ലക്ഷം വരെ |
| 14 | മനുഷ്യർ നേരിട്ടും മൃഗങ്ങളുടെ സഹായത്തോടെയും ഉപയോഗിക്കുന്ന ഉപകരണങ്ങൾ | |
| | 1. നിലമൊരുക്കൽ ഉപകരണങ്ങൾ | 8000/- മുതൽ 10,000/- വരെ |
| | 2. വിത്തുവിത, നടീൽ യന്ത്രങ്ങൾ | 2500/- മുതൽ 10,000/- വരെ |
| | 3. കൊയ്ത്ത് മെതിയന്ത്രങ്ങൾ | 4000/- മുതൽ 10,000/- വരെ |
| 15 | സെൽഫ് പ്രൊപ്പൽഡ് യന്ത്രങ്ങൾ (ചെയിൻസാ തുടങ്ങിയവ) | 60,000/- മുതൽ 75,000/- വരെ |
| 16 | അലുമിനിയം ഏണി, Aluminium Pole, Plucker | 12,000/- മുതൽ 15,000/- വരെ |
| 17 | വിളവെടുപ്പാനന്തരം യന്ത്രങ്ങൾ (മിനി റൈസ് മിൽ, ഓയിൽ മിൽ, ഓയിൽ എക്സ്ട്രാക്റ്റർ, dehusker- തേങ്ങ പൊതിക്കുന്ന യന്ത്രം, മെതിയെന്ത്രം, ബോയിലർ, പൊടിക്കൽ യന്ത്രം, സോളാർ ഡ്രയർ, കഴുകൽ ഗ്രേഡിംഗ് യന്ത്രം | 50,000/- മുതൽ 5,40,000/- വരെ |
| 18 | സസ്യസംരക്ഷണ ഉപകരണങ്ങൾ (മാനുവൽ സ്പ്രേയർ, നാപ്സാക്ക് സ്പ്രേയർ, bird scarer, tractor operated sprayer തുടങ്ങിയവ | 600/- മുതൽ 2,50,000/- വരെ |
| 19 | സ്പെഷ്യലൈസ്ഡ് അഗ്രിക്കൾച്ചറൽ മെഷീനറി | |
| | a. സൗരോർജത്തിന്റെ സഹായമില്ലാതെ പ്രവർത്തിക്കുന്നത് | 28,000/- മുതൽ 35,000/- വരെ |
| | b. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നത് | 20,000/- മുതൽ 25,000/- വരെ |
| | c. ഹൈഡ്രോപോണിക് മെഷീൻ (500 കിലോയിൽ താഴെ കപ്പാസിറ്റി) | 2,40,000/- മുതൽ 3,00,000/- വരെ |
| | d. ഹൈഡ്രോ പോണിക് മെഷീൻ (500 കിലോക്ക് മുകളിൽ കപ്പാസിറ്റി) | 4,80,000/- മുതൽ 6,00,000/- വരെ |
| 20 | പമ്പ്സെറ്റ് (ജലസേചനത്തിനുള്ളത്) | 1500/- മുതൽ 1,800/- എച്ച്.പിക്ക് |
| 21 | പുല്ല് വെട്ടി യന്ത്രം | 16,000/- മുതൽ 28,000/- വരെ |

സെക്ഷൻ ഓഫീസർ